

ओ३म्

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!


# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

## DAYANANDA SANDESAM

പുസ്തകം: 13 | ലക്കം: 3



## ശ്രീനാരായണഗുരു
## (1856-1928)

“മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!”

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

സെപ്തംബർ 5 : അദ്ധ്യാപക ദിനം
സെപ്തംബർ 7 : ശ്രീനാരായണഗുരു ജയന്തി
സെപ്തംബർ 21: ശ്രീനാരായണഗുരു സമാധി
സെപ്തംബർ 28: വീര ഭഗത്സിംഗ് ജയന്തി

വാർഷിക വരിസംഖ്യ:125/-    ദീർഘകാലം: 1500/-

സൃഷ്ടി സംവത്സരം: 1972949127, കലിവർഷം 5127, വൈദിക സൗരമാസം: ഇഷ-ഊർജ
ചാന്ദ്രമാസം: ആശ്വിനം, കൊല്ലവർഷം: 1201 കന്നി-തുലാം 2025 സെപ്തംബർ

# വേദാധ്യയനം

*(മുൻലക്കത്തിന്റെ തുടർച്ച)*

**മണ്ഡലം 1** **സൂക്തം 16**

**ഇ**നി അടുത്ത മന്ത്രത്തിൽ ഇന്ദ്രശബ്ദത്താൽ മൂന്ന് അർത്ഥങ്ങൾ ഉപദേശിക്കുന്നു.

കാണ്വോ മേധാതിഥിർ ഋഷിഃ । ഇന്ദ്രോ ദേവതാ ।
നിചൃദ്ഗായത്രീ ഛന്ദഃ। ഷഡ്ജഃ സ്വരഃ ॥

**ഇന്ദ്രം പ്രാതർഹവാമഹ ഇന്ദ്രം പ്രയത്യധ്വരേ।**
**ഇന്ദ്രം സോമസ്യ പീതയേ॥ (ഋഗ്വേദം 1.16.3)**

**പദാർത്ഥം:** നമ്മൾ (പ്രാതഃ) നിത്യം (ഇന്ദ്രം) പരമ ഐശ്വര്യം നൽകുന്ന ഈശ്വരൻ (പ്രയത്യധ്വരേ) ബുദ്ധിപ്രദമാകുന്ന-ഉപാസനയാകുന്ന യജ്ഞത്തിൽ (ഹവാമഹേ) ആഹ്വാനം ചെയ്യുന്നു. നമ്മൾ (പ്രയതി) ഉത്തമ ജ്ഞാനം നൽകുന്ന (അധ്വരേ) ക്രിയാസിദ്ധിയുണ്ടാവുന്നതിന് യോഗ്യമായ യജ്ഞത്തിൽ (പ്രാതഃ) പ്രതിദിനം (ഇന്ദ്രമ്) ഉത്തമ ഐശ്വര്യസാധകമായ വിദ്യുത് അഗ്നിയെ (ഹവാമഹേ) ക്രിയകളിൽ ഉപദേശം പറയുന്നത് കേട്ട് ചെയ്യുമാറാകട്ടെ. അതേപോലെ നാം (സോമസ്യ) സർവ്വപദാർത്ഥങ്ങളുടേയും സാരരസത്തെ (പീതയേ) കുടിക്കുവാനായി (പ്രാതഃ) പ്രതിദിനം യജ്ഞത്തിൽ (ഇന്ദ്രമ്) ശരീരത്തിന്റെ അകത്തും പുറത്തുമെടുക്കുന്ന പ്രാണനെ (ഹവാമഹേ) ചിന്തയിൽ കൊണ്ടുവരുമാറാകട്ടെ. അവയെ സിദ്ധിക്കുവാൻ ചിന്തിക്കട്ടെ.

**ഭാവാർത്ഥം:** മനുഷ്യർക്ക് പരമേശ്വരൻ പ്രതിദിനം ഉപാസന ചെയ്യാൻ യോഗ്യനാണ്. കൂടാതെ അദ്ദേഹത്തിന്റെ ആജ്ഞക്ക് അനുസരിച്ച് ജീവിക്കണം. വൈദ്യുതി തുടങ്ങിയവ പ്രാണരൂപ വായുവാണ്. അവയുടെ വിദ്യയാൽ പദാർത്ഥങ്ങളുടെ ഉപഭോഗം ചെയ്യണം.

[മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്
തർജ്ജമ: കെ.എം. രാജൻ മീമാംസക്]

**ആര്യസമാജത്തിന്റെ രണ്ടാമത്തെ നിയമം**

"ഈശ്വരൻ സച്ചിദാനന്ദ സ്വരൂപനും, നിരാകാരനും, സർവ്വശക്തിമാനും, ന്യായകാരിയും, ദയാലുവും, ജന്മമെടുത്തിട്ടില്ലാത്തവനും അനന്തനും, നിർവ്വികാരനും, അനാദിയും, അനുപനും, സർവ്വാധാരനും, സർവ്വേശ്വരനും സർവ്വവ്യാപിയും സർവ്വാന്തര്യാമിയും, അജനും, അമരനും, ഭയമില്ലാത്തവനും, നിത്യനും, പവിത്രനും, സൃഷ്ടികർത്താവുമാകുന്നു. കേവലം ആ ഈശ്വരൻ മാത്രമാണ് ഉപാസനയ്ക്ക് യോഗ്യൻ."

**അഭീമം മഹിമാ ദിവം വിപ്രോ ബഭൂവ സപ്രഥാഃ (യജുർവേദം 38.17)**
**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 13 ലക്കം 3

സൃഷ്ടി സംവത്സരം: 1972949127, കലിവർഷം 5127, വൈദിക സൗരമാസം: ഇഷ- ഊർജ
ചാന്ദ്രമാസം: ആശ്വിനം, കൊല്ലവർഷം: 1201 കന്നി- തുലാം 2025 സെപ്തംബർ



**രക്ഷാധികാരികൾ:** സ്വാമി ആശുതോഷ്ജി പരിവ്രാജക്
ആദിത്യ മുനി, വി. ഗോവിന്ദ ദാസ്
**മുഖ്യപത്രാധിപർ:** കെ.എം. രാജൻ മീമാംസക്
**മാനേജിംഗ് എഡിറ്റർ:** പി.പി. ഉണ്ണികൃഷ്ണൻ
**പത്രാധിപ സമിതി:** ശ്രീകുമാർ.എൻ, കെ.കെ ജയൻ ആര്യ,
സന്തോഷ് വി.കെ, പി.പി. സരളാദേവി,
സി. ഹരികൃഷ്ണൻ ആര്യ
**വ്യവസ്ഥാപകൻ:** വി. കൃഷ്ണൻകുട്ടി, ജിജിത് ആര്യ


**താളുകൾ മറിക്കുമ്പോൾ**


വേദാദ്ധ്യയനം ........ 2
മുഖവാണി........ 3
ഋഗ്വേദാദിഭാഷ്യഭൂമിക ........ 5
മനുസ്മൃതി........ 6
സന്ധ്യോപാസന എന്തുകൊണ്ട്?എങ്ങനെ?........ 8
ഭാരതചരിത്രത്തിലെ ഏതാനും പരമാബദ്ധങ്ങൾ........ 9
ജീവിതം ഒരലയാഴി ........ 11
വൈദിക വന്ദനം എങ്ങനെ? ........ 12
ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം........ 14
സപ്ത ഋഷികളുടെ നിസർഗോപചാരം അഥവാ പ്രകൃതിചികിത്സ വേദങ്ങളിൽ ........ 15
ഗുണപാഠ കഥകൾ........ 17
യജുർവേദം ഒരു സരള പരിചയം ........ 18
ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ ........ 19



**വിലാസം**

ദയാനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Phone : 9446575923, 9497525923
Email :dayanandasandesam@gmail.com
Visit Us : www.aryasmajkerala.org.in
www.vedagurukulam.org


## മുഖവാണി

## സനാതന ധർമ്മം സ്വയം മാറ്റുരക്കുമ്പോൾ

### ആമുഖം

**സ**നാതനധർമ്മത്തെക്കുറിച്ച് നാമൊക്കെ ധാരാളം കേട്ടിട്ടുണ്ട്. അതിന്റെ വ്യത്യസ്ത വ്യാഖ്യാനങ്ങളും പ്രചാരത്തിലുണ്ട്. സനാതന ധർമ്മത്തെക്കുറിച്ചുളള ചർച്ച സൃഷ്ടിയുടെ ആരംഭം മുതൽ തന്നെ ആരംഭിച്ചതാണ്. ഓരോ ദാർശനികരും അവരുടെ വീക്ഷണകോണിൽ നിന്ന് ഈ വിഷയത്തെക്കുറിച്ച് സിദ്ധാന്തങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ആധുനിക കാലത്ത് ഇത് ഏറെ ചർച്ചാ വിഷയവും വിവാദങ്ങൾക്ക് തിരികൊളുത്തുകയും ചെയ്തിട്ടുണ്ട്. അടുത്തകാലത്ത് തമിഴ് നാട് മുഖ്യമന്ത്രിയായ എം.കെ സ്റ്റാലിൻന്റെ മകൻ ഉദയനിധി സ്റ്റാലിൻ ഒരു പൊതുവേദിയൽ വെച്ച് സനാതന ധർമ്മത്തെ മലേറിയ, ഡെങ്കു, കൊറോണ തുടങ്ങിയ സാംക്രമിക രോഗങ്ങൾ പരത്തുന്ന വൈറസ് ആണ് എന്ന് വിശേഷിപ്പിച്ച് സനാതന ധർമ്മത്തെ ഉന്മൂലനം ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി.

**അഗ്നിനാഗ്നിഃ സമിദ്ധ്യതേ (സാമം 944)**
**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

2024 ഡിസംബറിൽ വർക്കല ശിവഗിരിമഠം വാർഷിക തീർത്ഥാടനത്തോടനുബന്ധിച്ച് നടന്ന ഒരു പൊതുസമ്മേളനത്തിൽ വെച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി പിണറായി വിജയനും സി.പി. ഐ (എം) സംസ്ഥാന സെക്രട്ടറി ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്ററും, കെ.പി.സി.സി അധ്യക്ഷനായിരുന്ന ശ്രീ. കെ. സുധാകരനും ശിവഗിരി മഠത്തിലെ തന്നെ ചില പ്രമുഖരും സനാതനധർമ്മത്തെ പറ്റി തെറ്റായി വ്യാഖ്യാനിക്കുകയുണ്ടായി. കേരള മുഖ്യമന്ത്രിയുടെ പ്രതികരണം "ശ്രീനാരായണ ഗുരു സനാതനധർമ്മത്തിന്റെ വക്താവോ പ്രയോക്താവോ അല്ല. അദ്ദേഹത്തെ അങ്ങനെ ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ ഇവിടെ നടക്കുന്നു" എന്നായിരുന്നു. "സനാതനധർമ്മം വർണ്ണ-വ്യവസ്ഥ മാത്രമാണ്, അത് കാലഘട്ടത്തിന്റെ തന്നെ അശ്ലീലമാണ്" എന്നായിരുന്നു സി.പി.ഐ (എം) സംസ്ഥാന സെക്രട്ടറിയുടെ പ്രസ്താവന. ശിവഗിരിമഠത്തിലെ ഒരു മുതിർന്ന സന്യാസി വർണ്ണാശ്രമവ്യവസ്ഥ സനാതനധർമ്മത്തിന്റെ ഭാഗമല്ല എന്നും പറയുകയുണ്ടായി.

കേരളത്തിലെ സമുന്നതനായ ഒരു സന്യാസിവര്യൻ തന്റെ പ്രഭാഷണങ്ങളിലും യൂട്യൂബ് സംശയനിവാരണങ്ങളിലൂടെയും സനാതനധർമ്മത്തെക്കുറിച്ച് പല അഭിപ്രായപ്രകടനങ്ങളും നടത്തി വരുന്നു. അവയിൽ പ്രമുഖമായത് എന്റെ ശ്രദ്ധയിൽപെട്ടത് ഇപ്രകാരമാണ്.

1. സനാതനധർമ്മം എല്ലാറ്റിനേയും ഉൾക്കൊള്ളുന്നതാണ്. സാത്വികവും രാജസികവും താമസികവുമായ ഭക്ഷണങ്ങളെ അത് ഉൾക്കൊള്ളുന്നുണ്ട്.

2. ശ്രീരാമൻ എരുമ, മാൻ തുടങ്ങിയ മൃഗങ്ങളുടെ മാംസം ഭക്ഷിച്ചിരുന്നു. സനാതന ധർമ്മത്തിൽ നിന്ന് മാംസഭക്ഷണത്തെ ഒഴിവാക്കിയാൽ ശ്രീരാമനെ സനാതനധർമ്മത്തിൽ നിന്ന് മാറ്റിനിർത്തേണ്ടി വരും.

– പത്രാധിപർ

**(തുടരും)**


# ദയാനന്ദ സന്ദേശം മാസിക

**സത്യ – സനാതന – വൈദിക ധർമ്മ സന്ദേശം**
**ആര്യധർമ്മത്തിന്റെ പാഞ്ചജന്യം**

വായിക്കുക...................... പ്രചരിപ്പിക്കുക.............. വരിക്കാരാവുക

വാർഷിക വരിസംഖ്യ 125/- രൂപ ദീർഘകാലം 1500/-

**വരിസംഖ്യ അയക്കേണ്ട വിധം**

**Account Name : Dayananda Sandesam**
**Account No : 4264000100072426, Punjab National Bank Cherpalcheri**


**ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)**
**മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.**



*(മുൻലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ. എം. രാജൻ മീമാംസക്

## 4. വേദവിഷയവിചാരം:

**കി**മപി പ്രമാണം നോപലഭാമഹ ഇതി, തദ് ഭ്രമമൂലമേവ വിജ്ഞേയമ്। യച്ചോക്തം മന്ത്രഭാഗനവീനതേ 'അഗ്നി പൂർവേഭിഃ' (വൈ.യ.മുദ്രിതേ സം..1-5 ബഭൂവേ പാഠഃ।) ഇത്യാദികാരണമ്, തദപി താദൃശമേവ। കുതഃ? ഈശ്വരസ്യ ത്രികാലദർശിത്വാത് । ഈശ്വരോ ഹി ത്രീന് കാലാന് ജാനാതി। ഭൂതഭവിഷ്യദ്വർത്തമാനകാലസ്ഥൈർമന്ത്രദ്രഷ്ടൃർഭിർമനുഷ്യൈർമന്ത്രൈഃ പ്രാണൈസ്തർകൈശ്ചർഷിഭി (ഇവിടെ നഹി എന്ന പദത്തിന്റെ നിർദേശം ആവശ്യമാണ്. അതില്ലെങ്കിൽ 'ഛന്ദഃ' പദത്തിന് മോക്ഷമൂലർ എഴുതിയ അർത്ഥം സ്പഷ്ടമാവില്ല. അദ്ദേഹം പറയുന്നത് ഏതൊരു രചന അന്യരുടെ പ്രേരണയാൽ ചെയ്തുവോ അഥവാ സ്വന്തം ബുദ്ധിയാൽ ചെയ്തുവോ അവ ഛന്ദസെന്ന് പറയും. ഇക്കാര്യം പിന്നീട് അജ്ഞാനിയുടെ മുഖത്ത് നിന്നും ആകസ്മികമായി പുറത്തുവരുന്ന വചനത്തിലെ ദൃഷ്ടാന്തത്തിൽ നിന്ന് സ്പഷ്ടമാവുന്നതാണ്. ഈ തെറ്റ് ഭാഷാനുവാദകരുടേതാണ്. അവർ സംസ്കൃതപാഠം 'പരബുദ്ധിപ്രേരണാജന്യം' എന്നതിൽ 'അജന്യ' എന്ന സന്ധിച്ഛേദം മനസ്സിലാക്കിയില്ല. പണ്ഡിറ്റ് സുഖദേവ് ജി വിദ്യാലങ്കറും തന്റെ പതിപ്പിൽ ഈ തെറ്റ് തിരുത്തിയില്ല.) ർഹമേവേഡ്യോ ബഭൂവ (വൈ.യ.അച്ചടിച്ചതിൽ 'നഹീ ഹോ സക്തീ' അപപാഠമാണ്) ഭവാമി ഭവിഷ്യാമി ചേതി വിദിത്വേദമുക്തമിത്യദോഷഃ। അന്യച്ച - യേ വേദാദിശാസ്ത്രാണ്യധീത്യ വിദ്വാംസോ ഭൂത്വാ ഽധ്യാപയന്തി തേ പ്രാചീനാഃ യേ ചാധീയതേ തേ നവീനാഃ। തൈർഋഷിഭിരഗ്നിഃ പരമേശ്വര ഏവേഡ്യോ ഽസ്തൃതശ്ച।

**ഭാഷാർത്ഥം:** ഡോ. മോക്ഷമൂലരസാഹിബ്ബ് തന്റെ 'സംസ്കൃതസാഹിത്യപരിചയ'മെന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതുന്നു. ആര്യൻമാർക്ക് ക്രമത്തിൽ അതായത് വളരെ കാലങ്ങൾക്ക് ശേഷം ഈശ്വരന്റെ ജ്ഞാനമുണ്ടായി. വേദങ്ങൾ പ്രാചീനമാണെന്നതിന് ഒരു പ്രമാണവും ലഭിച്ചില്ല. എന്നാൽ അവ നവീനമാണെന്നതിനുള്ള അനേകം പ്രമാണങ്ങൾ കാണുന്നുമുണ്ട്. ഇതിൽ ഒന്ന് ഹിരണ്യഗർഭ ശബ്ദത്തിന്റെ പ്രമാണമാണ്.

**(തുടരും)**

**വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)**
**വിപ്രൻ സത്യവ്രതനും അമരനുമാകുന്നു**



*(മുൻലക്കത്തിന്റെ തുടർച്ച)*

# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ. എം. രാജൻ മീമാംസക്

**അധ്യായം: 1** **മനുസ്മൃതിയുടെ മഹത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)**

## അധ്യായം 2: മനുസ്മൃതിയും പ്രക്ഷിപ്തവും

**(6)** പ്രക്ഷേപകർത്താക്കൾ കേവലം നവീനശ്ലോകങ്ങൾ മാത്രമല്ല കൂട്ടിച്ചേർത്തിട്ടുള്ളത്. മറിച്ച് ഇഷ്ടാനുസരണം അവയിൽ പാഠഭേദം വരുത്തിയാണ് ചേർത്തിരിക്കുന്നത്. ഏതാനും പാഠഭേദങ്ങൾ അശ്രദ്ധകൊണ്ടുവന്നുപോയതാണെങ്കിലും ചിലത് മനപ്പൂർവം എഴുതി പിടിപ്പിച്ചതാണെന്നതിന് നിരവധി ഉദാഹരണങ്ങൾ ലഭ്യമാണ്. താഴെക്കൊടുക്കുന്ന ഉദാഹരണങ്ങൾ അതിനു തെളിവാണ്.

(ക) പത്താം അധ്യായത്തിൽ വർണിച്ചിരിക്കുന്ന വർണസങ്കര ധർമ്മങ്ങൾ മനുപ്രോക്തമല്ല. അതായത് മൗലികമല്ലെന്നർത്ഥം. ആ ശ്ലോകങ്ങൾ പരാവർത്തി കാലത്തെ പ്രക്ഷിപ്തങ്ങളാണ്. വർണ വ്യവസ്ഥ വികൃതമാകുകയും ജാതിവ്യവസ്ഥ വേരുറപ്പിക്കുകയും ചെയ്ത അപചയ കാലത്തുണ്ടായതാണ് ഈ പ്രക്ഷേപങ്ങൾ. അംഗീകാരമില്ലാതെ മാറ്റിനിർത്തിയിരുന്ന സങ്കര വർഗങ്ങൾക്ക് മനുസ്മൃതിയിൽ സ്ഥാനം നല്കി അംഗീകരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ അവരുടെ കർത്തവ്യമെന്ന പേരിൽ (കർത്തവ്യമല്ലാതിരുന്ന നിന്ദാസ്പദവും വികൃതവുമായ ആചരണങ്ങൾ) മനുസ്മൃതിയിൽ കൂട്ടിചേർത്തു. അവയെ മൗലികമാക്കുന്നതിനായി അധ്യായം 1.2ാം ശ്ലോകത്തിൽ 'അന്തരപ്രഭവാണാമ് പദത്തിന്റെ സ്ഥാനത്ത് 'സങ്കര പ്രഭവാണാമ്' എന്ന പദം പ്രയോഗിച്ചു. ഈ പാഠഭേദം രണ്ട് നാലുകൈയ്യെഴുത്തുപ്രതികളിൽ കാണുന്നുണ്ട്. തത്ഫലമായി ഭാഷ്യകർത്താക്കൾ 'അന്തരപ്രഭാവാണാമ്' എന്നതിനർത്ഥവും വർണ്ണസങ്കരമെന്നാക്കി. അത് സർവഥാ തെറ്റായിരുന്നു. ഇതിന്റെ യഥാർത്ഥ അർത്ഥം ആശ്രമങ്ങൾക്ക് എന്നാവണം (ഇതിനുള്ള തെളിവ് 1.2 ൽ അനുശീലന സമീക്ഷയിൽ കൊടുത്തിട്ടുണ്ട്). എന്നാൽ യഥാർത്ഥ അർത്ഥമായ 'ആശ്രമ ശബ്ദം' പ്രചലിതമായിരുന്നു. പ്രക്ഷിപ്തകർത്താക്കൾ അതിനെ വേരോടെ പറിച്ചുകളയാൻ ശ്രമിച്ചു. അതിന് സാധിച്ചില്ലെങ്കിലും ഭാഷ്യകർത്താക്കൾ അതിനെ പാഠഭേദമാണെന്ന് തെറ്റിദ്ധരിച്ച് 'അന്തരപ്രഭവാണാമ്' എന്നതിന് വർണ്ണസങ്കരമെന്ന അർത്ഥം പ്രയോഗിക്കാൻ തുടങ്ങി.

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**

(ഖ) ഇപ്രകാരം 12.82ൽ 'ധർമ്മക്രിയാ്യത്മചിന്താ ച' എന്നതിന്റെ സ്ഥാനത്ത് 'അഹിംസാ ഗുരുസേവാ ച' എന്ന പാഠഭേദം വരുത്തി. ഗുരുവിന് മഹത്വം വർധിപ്പിക്കുന്നതിനാണ് ഇപ്രകാരം ചെയ്തത്. ഈ പാഠം മനുസ്മൃതിയുടെ പ്രകാരണാനുകൂലമല്ല. (അ) ഈ 83-ാം ശ്ലോകത്തിൽ നിശ്രേയസകര കർമങ്ങളുടെ പരിഗണനയാണ്. പരിഗണനയ്ക്കുശേഷം ഈ ആറുകർമങ്ങളുടെ വിഷയത്തിൽ 12.85-115 ശ്ലോകങ്ങളുടെ വ്യാഖ്യാനമുണ്ട്. ആ വ്യാഖ്യാനത്തിൽ, 'അഹിംസയും ഗുരുസേവയും' എവിടെയും പരാമർശിച്ചിട്ടില്ല. ആത്മജ്ഞാനവും ധർമക്രിയയുമാണ് വ്യാഖ്യാനിച്ചിരിക്കുന്നത്.

(ആ) സാത്വികകർമങ്ങളെയാണ് മനു നിഃശ്രേയസ കർമമായി മാനിച്ചിരിക്കുന്നത്. ഈ ശ്ലോകത്തിൽ മറ്റെല്ലാ കർമങ്ങളും അതുതന്നെയാണ്. കേവലം ഈ രണ്ട് ശ്ലോകങ്ങളിൽ മാത്രം പാഠഭേദം വരുത്തിയിരിക്കുന്നു. സാത്വികകർമങ്ങളുടെ വർണന 12.31 ൽ ഉണ്ട്. ആ പാഠം ഇവിടെ ഗ്രഹിക്കുന്നത് മനുസമ്മതവും മൗലികവുമാണ്. ഇതനുസരിച്ച് ആ കർമങ്ങൾ മുക്തിദായകവുമാണ്. ഇതേപോലെ 'അഹിംസാ ഗുരുസേവാ ച' എന്ന പാഠം പരിവർത്തിതപാഠമാണ്.

(ഗ) ഇതേപോലെ 5.57-ാം ശ്ലോകത്തിന്റെ ആദ്യ പാദത്തിൽ 'പ്രേതശുദ്ധിമ്' എന്ന പാഠം ഇപ്പോഴുള്ള പതിപ്പുകളിൽ പ്രചലിതമാണ്. ഇതിന്റെ സ്ഥാനത്ത് 'ദേഹശുദ്ധിമ്' എന്നപാഠമാണ് വരേണ്ടത്. മനുവിന്റെ ശൈലി വിഷയ വിവേചനത്തിലും അങ്ങനെ തന്നെയാണ് കാണുന്നതും. മറ്റ് പ്രക്ഷിപ്തങ്ങളെപ്പോലെ തന്നെ കാലാന്തരത്തിൽ പ്രേതം ജന്മം തുടങ്ങിയ ശുദ്ധിക്രിയ ഒരു കർമ്മകാണ്ഡരൂപം പ്രാപിച്ചപ്പോൾ ഇത് പാഠഭേദം ആക്കി പ്രേതാദി ശിഷയ ശ്ലോകം ആക്കി കൂട്ടിച്ചേർത്തതായിരിക്കണം. ഈ പാഠത്തിന്റെ അമൗലികതയും 'ദേഹശുദ്ധിം' എന്ന പാഠത്തിന്റെ മൗലികതയും താഴെ കൊടുക്കുന്ന പ്രമാണങ്ങളിൽ നിന്നും യുക്തികളിൽ നിന്നും വ്യക്തമാവുന്നതാണ്.

**(തുടരും)**

## സ്വമന്തവ്യാമന്തവ്യ പ്രകാശഃ

നാലുവേദങ്ങൾ (വിദ്യാധർമ്മയുക്തമായ ഈശ്വരപ്രണീതമായ സംഹിതാ മന്ത്രഭാഗങ്ങൾ) ആശയ കുഴപ്പമില്ലാത്ത സ്വതഃ പ്രമാണമായംഗീകരിക്കുന്നു. അതായത് അവ സ്വയം പ്രമാണമായതിനാൽ മറ്റു ഗ്രന്ഥങ്ങളുടെ പ്രാമാണ്യം ആവശ്യമില്ല. സൂര്യനും വിളക്കും സ്വതഃ പ്രകാശം ചൊരിഞ്ഞ് പൃഥിവ്യാദികൾക്കും പ്രകാശം നൽകുന്നതുപോലെയാണ് ചതുർവ്വേദങ്ങൾ. നാലു വേദങ്ങളുടെ ബ്രാഹ്മണങ്ങൾ, ആറംഗങ്ങൾ, ആറുപാംഗങ്ങൾ നാലുപവേദങ്ങൾ, 1127 വേദശാഖകൾ ബ്രഹ്മാദി മഹർഷിമാരാൽ നിർമ്മിക്കപ്പെട്ട വേദവ്യാഖ്യാനങ്ങൾ, എന്നിവയേ പരതഃ പ്രമാണമായി കരുതുന്നു. അതായത് വേദാനുകൂലമായത് പ്രമാണവും വേദവിരുദ്ധമായ ഭാഗങ്ങളുണ്ടെങ്കിൽ അവയെ അപ്രമാണമായും അംഗീകരിക്കുന്നു.

മഹർഷി ദയാനന്ദ സരസ്വതി

**സർവ്വ തദ് ഹനി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**
**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**



*(മുൻലക്കത്തിന്റെ തുടർച്ച)*

# സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ?

**പണ്ഡിറ്റ് ഗംഗാപ്രസാദ് ഉപാധ്യായ**
**തർജ്ജമ : കെ. എം. രാജൻ മീമാംസക്**

## അധ്യായം 7

## അഘമർഷണം (1)

**ഏ**തൊരു പരമാത്മാവിനെയാണോ നാം കേവലം നമ്മുടെ കണ്ണുകളുടെ ദാതാവും ഗ്രഹണശക്തിയുള്ളതായി കരുതുന്നത്, അദ്ദേഹം നമ്മുടെ കണ്ണുകളിലൂടെ പ്രപഞ്ചത്തിന്റെ മുഴുവൻ കണ്ണുകൾ അതായത് സൂര്യൻ, ചന്ദ്രൻ എന്നിവയുടെ ദാതാവും ഗ്രഹണശക്തി നൽകുന്നവനും (ധാതാവ്) ആകുന്നു. മൂന്നാമത്തെ മന്ത്രത്തിൽ ധാതാവിന്റെ (വിധാതാ) പരാമർശമുണ്ട്. 'വിധാതാ' എന്ന ശബ്ദത്തിന് ദാതാവെന്നും ഗ്രഹണശക്തി നൽകുന്നവനെന്നും (പ്രമാതാ) അർത്ഥമുണ്ട്.


പിണ്ഡ(ശരീര) ത്തിൽ നിന്ന് ബ്രഹ്മാണ്ഡത്തിലേക്ക് നാം എന്തുകൊണ്ടാണ് ആകർഷിക്കപ്പെടുന്നത്? ഇതിലേ ലളിതമായ ഉത്തരം നാം ബ്രഹ്മാണ്ഡത്തിന്റെ അവയവ (ഭാഗ) മാണ് എന്നാണ്. 'അവയവം' 'അവയവി'യുടെ ഒരു ഭാഗമാണ്. മാത്രമല്ല, അവയവത്തിന്റെ നിലനിൽപ്പ് അയവയിയെ ആശ്രയിച്ചാണ്. നമ്മുടെ കണ്ണുകൾ സൂര്യന്റെ പ്രകാശത്തെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ പ്രാണൻ വായുവിനോട് കടപ്പെട്ടിരിക്കുന്നു. അതുപോലെ തന്നെയാണ് ശരീരത്തിന്റെ മറ്റംഗങ്ങളും. ബ്രഹ്മാണ്ഡത്തെക്കുറിച്ച് ചിന്തിക്കുന്നതിലൂടെ നാം നമ്മുടെ ബന്ധം പ്രപഞ്ചത്തിലെ വലിയ വലിയ വസ്തുക്കളുമായി യോജിപ്പിക്കുന്നു. നമ്മുടെ ശരീരം ഭൂമിയെ ആശ്രയിച്ചിരിക്കുന്നു. ഭൂമി സൗരമണ്ഡലത്തെ ആശ്രയിച്ചിരിക്കുന്നു. സൗരമണ്ഡലം ബ്രഹ്മാണ്ഡത്തെ ആശ്രയിച്ചിരിക്കുന്നു. ബ്രഹ്മാണ്ഡം ബ്രഹ്മ അഥവാ ഈശ്വരനെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ ഈശ്വരനെ വിധാതാ എന്നു പറയുന്നു. ക്രമേണ നമ്മുടെ ബന്ധങ്ങളിൽ വിശാലത വന്നു. നമ്മുടെ ബന്ധം കേവലം കണ്ണുകളുമായി മാത്രമല്ല സൂര്യനുമായും മാറി. ബന്ധങ്ങളുടെ ആധിക്യത്തോടെ സ്വരൂപത്തിലും ആധിക്യമുണ്ടാവുന്നു.

മറ്റു ജീവികളുമായി ബന്ധപ്പെടുന്നതിനും ബ്രഹ്മാണ്ഡത്തിന്റെ ആവശ്യകതയുണ്ട്.

**(തുടരും)**

**മാ സ്രോധത (ഋഗ്വേദം 6.32.9)**
**ഹിംസ ചെയ്യാതിരിക്കൂ.**

*(മുൻലക്കത്തിന്റെ തുടർച്ച)*



# ഭാരത ചരിത്ര ഗവേഷണത്തിലെ ഏതാനും പരമാബദ്ധങ്ങൾ

പ്രൊ.പി.എൻ.ഓക്
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## കുത്തബ്മിനാർ എന്നറിയപ്പെടുന്ന കെട്ടിടം (തുടർച്ച...)

**ച**രിത്ര കേന്ദ്രങ്ങളിലേ എന്റെ പഠനവും ഉൾക്കാഴ്ചയും നാല് നിഗമനങ്ങളിലേക്ക് നയിക്കുന്നു. (1) ഓരോ മുസ്ലീമും ഹൈന്ദവരുടെ പിന്തുടർച്ചക്കാരാണ്. (2) മുസ്ലീങ്ങളുടെ പേരിൽ അറിയപ്പെടുന്ന ചരിത്ര സ്മാരകങ്ങളും മറ്റും പിടിച്ചെടുക്കപെട്ടതാണ്. (3) മധ്യ കാലഘട്ടത്തിലെ ഓരോ മുസ്ലീം ആക്രമികളും നിർമ്മാതാക്കളായി തെറ്റിദ്ധരിപ്പിക്കപ്പെടുന്നു. പ്രധാനപ്പെട്ട ചരിത്ര സ്മാരകങ്ങളുടെ നിർമ്മാണം ഹൈന്ദവവും നശീകരണം ഇസ്ലാമിന്റെ സ്വഭാവവുമായിരുന്നു.

ഇതേ നിഗമനം യൂറോപ്പിലെ ക്രൈസ്തവ സ്മാരകങ്ങളുടെ കാര്യത്തിലും ശരിയാണ്. മതം മാറ്റപ്പെട്ട ക്രിസ്ത്യാനികളാൽ പിടിച്ചടക്കപ്പെട്ടതാണ് റോമിലെ വത്തിക്കാനും കാൻറർബറിയിലെ ആർച്ച് ബിഷപ്പിന്റെ ഇരിപ്പിടവും - (Archbishop of Canterbury in England). ഈ ചരിത്ര സത്യത്തേ കുറിച്ചന്വേഷിക്കാനോ ധൈര്യപൂർവ്വം പ്രഖ്യാപിക്കാനോ ആർക്കും ധൈര്യം കാണുന്നില്ല.

റോമാ നഗരം, പാരീസ്, വാരാണസി, ഉജ്ജയിനി എന്ന അവന്തി, ഡൽഹി, ആഗ്ര എന്നീ നഗരങ്ങൾ ലോകത്തിലെ അതിപ്രാചീനങ്ങളാണ്. അതിനാൽ 4000 വർഷത്തേ ചരിത്രം പറയുന്ന ഡൽഹിയേക്കുറിച്ചറിയണമെങ്കിൽ അതിനടുത്തുള്ള സ്മാരക കെട്ടിടങ്ങളായ വിജയ് മണ്ഡൽ, ബീഗംപുര, സുൽത്താൻ ഘാറി, ഷംസി തലാവ് (shamsi Talav) ഹോസ് ഖാസ് (hawz khas), ഏഷ്യാഡ് ഗ്രാമത്തിനടുത്തുള്ള സിരി കോട്ടയുടെ അവശിഷ്ടങ്ങൾ, കുത്തബ് (വിഷ്ണു) ഗോപുരത്തിനടുത്തുള്ള വിശാലമായ സ്ഥലങ്ങൾ, ഹുമയൂൺ ടോംമ്പ്, അറബ് കി സെറായ് (Arab ki Serai), അബ്ദുർ റഹീം ഖാൻ ഖാനയുടെ കല്ലറ, സഫ്ദർജംഗ് ടോംമ്പ്, ലോദികളുടെ കല്ലറകൾ, ഫിറോസ്ഷാ കോട്ല, നിസ്സാമുദ്ദീൻ ടോംമ്പ്, പഴയ കോട്ട (Purana Quila), എന്നിവ വിശദമായി പരിശോധിക്കേണ്ടതത്യാവശ്യമാണ്.

തെരെഞ്ഞെടുക്കപ്പെട്ട ഏതാനും ചിലവ മാത്രമാണ് മുകളിൽ പറഞ്ഞത്. 30 മൈൽ ചുറ്റളവിലുള്ള ഡൽഹി നഗരത്തിൽ ഇത്തരത്തിൽ അനേകം

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**
**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ.**

കെട്ടിടാവശിഷ്ടങ്ങളുണ്ട്. ഇവയിൽ പലതും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഏഷ്യൻ ഗെയിംസിന് വന്നവർക്കുസൗകര്യമുണ്ടാക്കാനായി 'സിരി ഫോർട്ട്' വലിയൊരു ഭാഗം ഇടിച്ചുനിരപ്പാക്കുകയുണ്ടായി. വൈസ്രോയിയുടെ മന്ദിരവും, സെൻട്രൽ അസംബ്ലി ചാംമ്പർ തുടങ്ങിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി എഞ്ചിനീയർ ലുട്ട്യേയ്ൻസ് (Luteyns) ഡൽഹിയിലെ പല പുരാതന സ്മാരകാവശിഷ്ടങ്ങളും തട്ടി നിരത്തുകയുണ്ടായി. യമുനാ തടത്തിൽ ഈ നശീകരണത്തെ അതിജീവിച്ചിട്ടുള്ള ഏതാനും കെട്ടിടങ്ങൾക്കിടയിൽ ധാരാളം തുറന്നസ്ഥലങ്ങളുണ്ട്. ഒരു കാലത്ത് ഇവിടെയെല്ലാം നിരവധി ഹൈന്ദവ കൊട്ടാരങ്ങളും മറ്റും ഉണ്ടായിരുന്നു. ദിവാൻഇആം (Diwan- i-Am) എന്നറിയപ്പെടുന്ന കെട്ടിടത്തിന്റെ പാർശ്വഭാഗങ്ങളിൽ ഉണ്ടായിരുന്ന മനോഹരമായ രണ്ട് ബഹുനില കൊട്ടാരത്തിൽ ഒന്നുപോലും ഇപ്പോൾ അവശേഷിക്കുന്നില്ല. ഇന്ന് ഡൽഹിയിൽ കാണുന്ന ചെങ്കോട്ട പുരാതന ഹൈന്ദവ ശില്പകലയുടെ ഒരു വിളറിയ പ്രതിബിംബം മാത്രമാണ്. മുസ്ലീം ആക്രമണകാരികളുടെ 600 വർഷത്തെ ദുർഭരണത്തിനും പടയോട്ടങ്ങൾക്കുമിടക്ക് ഈ കോട്ടക്ക് പല നാശവും കോട്ടവും പറ്റിയിട്ടുണ്ട്.

ചെങ്കോട്ടക്കുമാത്രം നേരിടേണ്ടി വന്ന തകർച്ച ഇത്തരത്തിലായിരുന്നെങ്കിൽ മനോഹരമായിരുന്ന ഡൽഹിയിലെ മറ്റു സ്മാരക മന്ദിരങ്ങളുടെ സ്ഥിതി എന്തായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളു. ഇത്തരം ആക്രമികളെയാണ് കലാസ്വാദകരും ശില്പ കലാവിദഗ്ദരുമെന്നുമൊക്കെ നമ്മുടെ ചരിത്ര പുസ്തകങ്ങളിൽ പ്രകീർത്തിച്ചിരിക്കുന്നത്. ഈ ആക്രമണങ്ങളേ അതിജീവിച്ച ഏതാനും ചരിത്ര സ്മാരകങ്ങളേയാണ് ശവക്കല്ലറകളായും പള്ളികളുമൊക്കെയായി മുസ്ലീമുകളാൽ നിർമ്മിച്ചതാണെന്നു തെറ്റിദ്ധരിപ്പിച്ചിരിക്കുന്നത്. അലക്സാണ്ടർ കണ്ണിങ്ഹാമാണ് അതി വിദഗ്ധമായി ഈ സ്മാരകങ്ങളുടെ നിർമ്മാണം മുസ്ലീം ഭരണാധികാരികളുടെ പേരിൽ കെട്ടിവെച്ചത്. അതിനാൽ മുകളിൽ വിവരിച്ച ഡൽഹിയിലെ ചരിത്ര സ്മാരകങ്ങളെല്ലാം സൂത്രശാലി (Cunning) യായ കണ്ണിങ്ഹാമോ മുസ്ലീം സുൽത്താൻമാരോ വികൃതമാക്കിയതാണ്. അതിനാൽ സന്ദർശകർ, ഈ കെട്ടിടങ്ങളെല്ലാം പിടിച്ചെടുക്കപ്പെട്ട ഹൈന്ദവ സ്മാരകങ്ങളാണെന്നുമനസ്സിലാക്കി ഗവേഷണത്തിന് മുൻകയ്യെടുക്കണം.

**നിയമ നടപടി**

മേൽ വിവരിച്ചതെല്ലാം ശക്തമായ തെളിവുകളും ഏത് കോടതിയിലും നിയമപ്രാബല്യം കിട്ടാവുന്നതുമാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കാം.

**(തുടരും)**

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**



*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം: 10

**ക**ണ്ടാൽ സാധാരണ ചുമരുകളും വാതിലുകളുമാണെന്ന് തോന്നും. അടിയിലുള്ള നിലവറക്കടുത്താണ് തൊഴുത്ത്. അതിലേക്ക് അടിയിലൂടെ പൈക്കൾക്കും മറ്റും മുളയാൻ ഇടനാഴിയുണ്ടാക്കിയിട്ടുണ്ട്. വളർത്തുമൃഗങ്ങളുടെ രക്ഷാർത്ഥമാണിങ്ങനെ ചെയ്യുന്നത്. അല്ലെങ്കിൽ ഹിംസ്രജന്തുക്കളുടെ ശല്യമുണ്ടാകും അവയ്ക്ക്. ഇങ്ങനെയാണിവിടുത്തെ സാധാരണക്കാരുടെ വീടുകൾ. സാമ്പത്തിക ശേഷിയുള്ളവർ അധികവും നഗരത്തോട് ബന്ധപ്പെട്ടാണ് താമസിക്കുന്നത്. അവരുടെ വീടുകൾ ആധുനിക രീതിയിൽ ടറസിട്ടതാണ്. അവർ ഭൂവുടമകളാണധികവും. ആപ്പിളാണിവിടുത്തെ പ്രധാന കൃഷി. ആപ്പിൾ തോട്ടങ്ങൾക്ക് പുറമെ, പച്ചക്കറി കൃഷിയിടങ്ങളുമുണ്ട് ധാരാളം. ഗോതമ്പ്, നെല്ല്, നിലക്കടല, പയറുവർഗ്ഗങ്ങൾ മുതലായവയും ഉൽപാദിപ്പിക്കുന്നുണ്ടിവിടെ. എല്ലാം കൊണ്ടും സമൃദ്ധമായൊരു പ്രദേശം. മലഞ്ചെരുവായതുകൊണ്ട് ഗതാഗത സൗകര്യം കുറവാണെന്നുമാത്രം.

അത്താഴം ഗംഭീരമായി. എല്ലാവരും വട്ടമിട്ടിരുന്ന്, വർത്തമാനങ്ങൾ പറഞ്ഞും, തമാശ പറഞ്ഞുചിരിച്ചും ഭക്ഷണം കഴിച്ചു. പാച്ചന് സ്വഗൃഹം പോലെ തോന്നി. ചപ്പാത്തി ചൂടാറാതിരിക്കാൻ കരിയടുപ്പ് അടുത്തുവെച്ച് അപ്പപ്പോൾ ചുട്ടുവിളമ്പുകയാണ് പതിവ്.

വർത്തമാനത്തിൽ നേരം പോയതറിഞ്ഞില്ല, മണി 10.30 കഴിഞ്ഞു. -'ഓഹോ മണി ദാ നോക്കു, 10 1/2 കഴിഞ്ഞു. ഇനി കിടക്കുകയല്ലേ? നാളെ നേരത്തെ എണീറ്റ് ടൗണിൽ പോകണ്ടേ? നാഴിക കുറച്ചൊന്നുനടക്കാനുണ്ട്'. -ജ്ഞാനചന്ദ് ഓർമ്മിപ്പിച്ചു.

എല്ലാവരും എഴുന്നേറ്റു. ജ്ഞാനചന്ദിന്റെ സഹോദരി ശകുന്തളാദേവി പാച്ചനും ജ്ഞാനചന്ദിനുമുള്ള വിരികൾ ഒരു മുറിയിൽ വിരിച്ചിട്ടു. ജ്ഞാനചന്ദും പാച്ചനും മുറിയിൽ പോയി കിടന്നു, മറ്റുള്ളവർ അവരവരുടെ സ്ഥാനങ്ങളിലും. മാസം മാർച്ചാണെങ്കിലും, നല്ല തണുപ്പുണ്ടവിടെ. കമ്പിളിയും, രജായിയും മറ്റുമില്ലാതെ കഴിയില്ല.

**(തുടരും)**

**യാന്തി പ്രമാദമതന്ദ്രാഃ (സാമം 721)**
**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു.**

(മുൻലക്കത്തിന്റെ തുടർച്ച)

# വൈദിക വന്ദനം എങ്ങനെ?

മന്ത്രവ്യാഖ്യാനം: ഡോക്ടർ രാമനാഥ് വേദാലംകാർ
വിശദീകരണം: സ്വാമി വിവേകാനന്ദജി പരിവ്രാജക്
സമ്പാദകൻ: ശ്രീകുമാർ. എൻ

സമസ്ത ബാലകർ, യുവാക്കൾ, വൃദ്ധർ എല്ലാം എന്റെ പൂജാർഹരായ ദേവന്മാർ ആകുന്നു. എന്നാൽ എത്രത്തോളം കഴിയുന്നുവോ അത്രത്തോളം ഞാൻ അവർക്ക് സ്നേഹ സത്കാരം ചെയ്യും. അവരുടെ സേവ ചെയ്യും. ആര് എന്നെക്കാൾ മുതിർന്നവർ ആയിരിക്കുന്നുവോ അവരെ സ്തുതിക്കുന്നതിലും അവരുടെ ദയയ്ക്ക് നന്ദി പ്രകടിപ്പിക്കുന്നതിലും എന്റെ ഭാഗത്തുനിന്ന് ഒരു വീഴ്ചയും സംഭവിക്കില്ല.

**വിസ്തൃത വിശദീകരണം**

നാം ആരെയൊക്കെ നമസ്കരിക്കണമെന്നതിന് വേദത്തിൽ ഉള്ള വിധിയാണ് മുകളിലെ മന്ത്രത്തിൽ ആഹ്വാനം ചെയ്യുന്നത്. ചരാചരങ്ങളായ സർവ്വതിനേയും നമസ്കരിക്കണം എന്നാണ് വേദത്തിന്റെ കാഴ്ചപ്പാട്.

നമ: ശബ്ദം 'ണമ് = നമ്' ധാതുവിൽ നിന്നാണ് ഉണ്ടായത്. 'നമ് പ്രഹ്വത്വേ ശബ്ദേ ച' എന്നാണ് അർത്ഥം. പ്രഹ്വത്വേ എന്ന ശബ്ദത്തിന് മറ്റുള്ളതിനെ നമുക്ക് അനുകൂലമാക്കി തീർക്കുക എന്നാണർത്ഥം. നമസ്കാരം അഥവാ നമസ്തേ പറയുന്നതിലൂടേയും നമസ്കാര ക്രിയ ചെയ്യുന്നതിലൂടെയും മറ്റുള്ളവരെ അതായത് വിദ്യ, ധനം, സ്ഥാനം ആദിയായവയിൽ നമ്മെക്കാൾ വലിയവരോ സമൻമാരോ ചെറിയവരോ അഥവാ ചേതനമോ ജഡമോ ആയ സർവ്വതിനേയും നമുക്ക് അനുകൂലമാക്കി തീർക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. അതേസമയം ഇതിന്റെ വിധി എല്ലാവരോടും ഒരേ പോലെയല്ല. ഓരോന്നിനും വേറെ വേറെ വ്യവസ്ഥകൾ കൽപിക്കപെട്ടിട്ടുണ്ട്.

ഗുരു, ആചാര്യൻ, മാതാപിതാക്കൾ, ഋഷികൾ സംന്യാസികൾ മറ്റ് സ്ഥാനങ്ങൾ കൊണ്ട് മഹനീയർ ആയിരിക്കുന്ന വരെ നമസ്കാരം ചെയ്യുമ്പോൾ നാലുതരം ക്രിയകളിലൂടെ ചെയ്യണമെന്നാണ് സാമാന്യനിയമം.

ഒന്ന് ചരണങ്ങൾ കൈകൾകൊണ്ട് സ്പർശിക്കുക
രണ്ട് കൈകൾ കൂപ്പുക
മൂന്ന് ശിരസ്സ് കുമ്പിടുക
നാല് വാണിയാൽ നമസ്തേ എന്ന് ഉച്ചരിക്കുക.

**ബൃഹദ് വദേമ വിദഥേ സുവീരാഃ (യജുർവേദം 34.58)**
**ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും.**

അത്യന്തം ആദരഭാവത്തോടെയാണ് ഇത് ചെയ്യേണ്ടത്. വിദ്യാസമ്പാദനത്തിനായി കൊണ്ട് ഗുരുസമീപം പോകുന്ന വിദ്യാർത്ഥി അഥവാ ബ്രഹ്മചാരി അനുഷ്ഠിക്കേണ്ട വിധികളെക്കുറിച്ച് മനുസ്മൃതി രണ്ടാം അധ്യായത്തിൽ 47 ആം ശ്ലോകത്തിൽ വിവരിക്കുന്നുണ്ട്. (വിശുദ്ധ മനുസ്മൃതി ഡോക്ടർ സുരേന്ദ്രകുമാർ)

ഗുരുവിന്റെ ചരണങ്ങളിൽ സ്പർശിക്കുമ്പോൾ കൈകൾ പരസ്പരം പിണച്ച്വെച്ച് വേണം ചെയ്യാൻ. ഇടതുകൈകൊണ്ട് ഗുരുവിന്റെ ഇടതുചരണവും അതിനുമുകളിൽ വലതുകൈ ക്രോസ് ചെയ്ത് വെച്ച് ഗുരുവിന്റെ വലതുചരണവും സ്പർശിക്കണം. വേദ പഠനത്തിന്റെ ആരംഭത്തിലും അവസാനവും എപ്പോഴും ഗുരുവിന്റെ രണ്ട് പാദങ്ങളും തൊട്ട് നമസ്കരിക്കണമെന്ന് മനസ്മൃതി 2-46 ശ്ലോകത്തിൽ പറയുന്നു. രണ്ട് കൈകളും കൂപ്പി അഭിവാദനം ചെയ്തതിനുശേഷമേ പഠനം ആരംഭിക്കാൻ പാടുള്ളൂ. ഇങ്ങനെ കൈകൾ കൂപ്പുന്നതിന് 'ബ്രഹ്മാഞ്ജലി' എന്ന് വിളിക്കുന്നു.

അതേ സമയം നമുക്ക് തുല്യരായവരെ നമസ്കരിക്കുമ്പോൾ പാദ സ്പർശനത്തിന്റെ ആവശ്യമില്ല. കൈകൾ കൂപ്പി ശിരസ്സുനമിച്ച് നമസ്തേ എന്ന് ഉച്ചരിച്ചാൽ മതി. നമുക്ക് അവരോടുള്ള സ്നേഹവും ബഹുമാനവും മനസ്സിൽ ഉണ്ടായിരിക്കണം. നമ്മൾ ചെറിയവരോട് നമസ്കാരം ചെയ്യുമ്പോൾ മനസ്സിൽ അവരോടുള്ള അത്യന്തം സ്നേഹവും ആശീർവാദ സങ്കൽപവും ഉണ്ടായിരിക്കണം. എല്ലാ നന്മയും ഉയർച്ചയും അവർക്ക് ഉണ്ടാവട്ടെ എന്ന് ആശീർവദിക്കുന്നത് ആയിരിക്കണം ആ നമസ്കാരം. ഓരോരുത്തരും പ്രത്യഭിവാദനം ചെയ്യുമ്പോഴും ഇതേ മനോസങ്കൽപത്തിൽ ആയിരിക്കും നമസ്കാരം ചെയ്യുക. നമ്മളേക്കാൾ ഉയർന്നവർ നമ്മോട് പ്രത്യഭിവാദനം ചെയ്യുമ്പോൾ അവരുടെ ഉള്ളിൽ അങ്ങേയറ്റം സ്നേഹവും ആശീർവാദസങ്കല്പവും ഉണ്ടായിരിക്കും. കുഞ്ഞുങ്ങൾ നമ്മെ പ്രത്യഭിവാദനം ചെയ്യുമ്പോൾ അവർക്കുള്ളിൽ ആദരസങ്കല്പം ഉണ്ടായിരിക്കും.

**(തുടരും)**

## ആര്യാവർത്തം

സൃഷ്ടിയുടെ തുടക്കം മുതൽ ആര്യൻമാർ ഇവിടെ വസിക്കുന്നതിനാലാണ് ഈ ഭൂമിക്ക് ആര്യാവർത്തമെന്ന പേരുവന്നത്. എന്നാൽ ഇതിന്റെ അതിർത്തിക്ക് ഉത്തരഭാഗം ഹിമാലയവും തെക്കുഭാഗം വിന്ധ്യാചലവും പടിഞ്ഞാറു ഭാഗം അട്ടക്ക് നദിയും കിഴക്ക് ബ്രഹ്മപുത്രാ നദിയുമാണ്. ഈ നാലതിരുകൾക്കുള്ളിലുള്ള ദേശത്തേ ആര്യാവർത്തമെന്നുപറയുന്നു. ഇവിടെ സദാ വസിക്കുന്നവരേയും ആര്യൻമാർ എന്നു പറയുന്നു.

മഹർഷി ദയാനന്ദസരസ്വതി

**ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)**
**ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു.**



*(മുൻലക്കത്തിന്റെ തുടർച്ച)*

# ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം

സത്യാനന്ദ് 'വേദവാഗീശ്'
തർജ്ജമ : ബ്രഹ്മചാരി ശാസ്ത്യശർമ്മൻ

(**സ്വാ**മിജി വേദവിരുദ്ധരായ സ്വാമിനാരായണ സമ്പ്രദായത്തേയും അതിന്റെ സ്ഥാപകനായ സഹജാനന്ദന്റെയും ലീലകളെ വിമർശിച്ചുകൊണ്ട് പറഞ്ഞിരുന്നു 'എങ്ങനെയാണോ സ്വാർത്ഥികളും സൂത്രശാലികളുമായവർ സാധാരണക്കാരെ തങ്ങളുടെ വലയിൽ പെടുത്തി തങ്ങളുടെ മത സമ്പ്രദായം സ്ഥാപിക്കുന്നത് എന്ന് നോക്കിയാലും)'.

അതിന് ഒരുദാഹരണം ഇവിടെ ഉല്ലേഖനീയമാണ്. ഒരിക്കൽ ഒരാൾ മോഷണം ചെയ്തതിനാൽ പിടിക്കപ്പെട്ടു. ന്യായാധിപൻ അയാളുടെ മൂക്കും ചെവിയും മുറിക്കുന്നതിന് കല്പനകൊടുത്തു. അതനുസരിച്ച് അയാളുടെ മൂക്കു മുറിച്ചപ്പോൾ അയാൾ പാട്ടുപാടാനും, ചിരിക്കാനും തുള്ളാനും തുടങ്ങി. നീ എന്താണ് ചിരിക്കുന്നതെന്ന് ജനങ്ങൾ ചോദിച്ചു. വളരെ ആശ്ചര്യകരമായ സംഗതിയാണ്. നാം മുമ്പൊരിക്കലും ഇങ്ങനെ കണ്ടിട്ടില്ല. എന്താണാശ്ചര്യമെന്ന് ജനങ്ങൾ വീണ്ടും ചോദിച്ചു. എന്റെ മുന്നിൽ സാക്ഷാൽ ചതുർഭുജൻ നില്ക്കുന്നുണ്ട്. ഞാൻ അതുകണ്ട് സന്തോഷത്തോടെ പാടുകയും തുള്ളുകയും ചെയ്യുകയാണ്. സാക്ഷാൽ നാരായണനെ എനിക്ക് ദർശിക്കാൻ സാധിച്ചതുകൊണ്ട് എന്റെ ഭാഗ്യത്തെപ്പറ്റി ഞാൻ അഭിമാനിക്കയാണ്. ഞങ്ങൾക്കെന്താണ് നാരായണനെ ദർശിക്കാൻ കഴിയാത്തത് എന്ന് ജനങ്ങൾ ചോദിച്ചു. അതിനുമറുപടിയായി അയാൾ ഇപ്രകാരം പറഞ്ഞു. മൂക്കിന്റെ മറവുകൊണ്ടാണ് നിങ്ങൾക്ക് കാണാൻ സാധിക്കാത്തത്. മൂക്ക് മുറിക്കുന്ന പക്ഷം നിങ്ങൾക്കും നിഷ്പ്രയാസം നാരായണനെ കാണാൻ സാധിക്കും. അവരിൽ ഒരു മൂഢൻ മൂക്കു പോയാലും നാരായണനെ ദർശിക്കാൻതന്നെ തീർച്ചപ്പെടുത്തി. എന്റെയും മൂക്ക് മുറിച്ചിട്ട് നാരായണനെ കാണിച്ചുതരിക എന്ന് അയാൾ വിളിച്ചുപറഞ്ഞു. അവന്റെ മൂക്ക് മുറിച്ചിട്ട് അവന്റെ ചെവിയിൽ ഇപ്രകാരം പറഞ്ഞു. നീയും ഞാൻ പറഞ്ഞതുപോലെ പറയണം. അതല്ലെങ്കിൽ ജനങ്ങൾ നമ്മെ പരിഹസിക്കും. അയാളും അപ്രകാരം ആടാനും പാടാനും ചിരിക്കാനും തുടങ്ങുകയും നാരായണൻ മുമ്പിൽ പ്രത്യക്ഷനായി നിൽക്കുന്നത് ഞാൻ കാണുന്നുണ്ടെന്ന് പറയുകയും ചെയ്തു. ഇത് കണ്ട് അനേകം പേർ അവരുടെ മതത്തിൽ ചേർന്നു. അവർ തങ്ങളുടെ മതത്തിന് 'നാരായണദർശി' എന്ന് നാമം കൽപ്പിക്കുകയും ചെയ്തു.

**(തുടരും)**

**ധർമ്മം ചര (തൈ. 2. 1.11.1)**
**ധർമ്മാചരണം ചെയ്യൂ !**

*(മുൻലക്കത്തിന്റെ തുടർച്ച)*



# സപ്ത ഋഷികളുടെ നിസർഗോപചാരം അഥവാ പ്രകൃതിചികിത്സ വേദങ്ങളിൽ

പണ്ഡിറ്റ് ശ്രീപാദ് ദാമോദർ സാത്വലേക്കർ
തർജ്ജമ: ശ്രീകുമാർ. എൻ

**ജ**ലം സർവ്വ ഔഷധങ്ങളുടെയും ദേവതയാകുന്നു. ഇത് കൂടാതെ ജല ചികിത്സാ വിഷയത്തിൽ വേദത്തിൽ വളരെയേറെ പറഞ്ഞിട്ടുണ്ട്. ഇതിൻറെ വിവരണം 'ജല സൂക്ത'ത്തിൽ കാണാം. നിത്യജീവിതത്തിൽ നാം ജലത്തെ ശുദ്ധിയാക്കാൻ ഉപയോഗിക്കുന്നു. വായ, ഗുദം ഇവ വൃത്തിയാക്കാൻ, കുളിക്കാൻ, ആവിപിടിക്കാൻ, ഔഷധങ്ങൾ, കഷായങ്ങൾ തയ്യാറാക്കാൻ ഇങ്ങനെ പലതിനും ജലം ഉപയോഗിക്കുന്നു. ശരിയായ ജല ചികിത്സാരീതിയിലൂടെ പല രോഗത്തെയും മാറ്റാം കഴിയും.

**7. വസിഷ്ഠ ഋഷിയുടെ സ്പർശ ചികിത്സ**

വസിഷ്ഠ ഋഷി ഏഴാം മന്ത്രത്തിൽ പറയുന്നു: 'ഞാൻ നിങ്ങളോട് ആരോഗ്യത്തെ ഉണ്ടാക്കുന്ന വാക്കുകൾ പറയുന്നു. നിരോഗിതത്വം ഉണ്ടാക്കുന്ന പത്ത് വിരലുകളാലും എന്റെ കൈകളാലും ഞാൻ നിങ്ങളെ സ്പർശിക്കുന്നു. ഇത് നിങ്ങൾക്ക് നിസ്സംശയമായും ആരോഗ്യം പ്രദാനം ചെയ്യും. എന്റെ വാക്കുകളിൽ വലിയ സാമർത്ഥ്യം അടങ്ങിയിരിക്കുന്നു. കൂടാതെ ഹസ്ത സ്പർശത്തിന് വലിയ പ്രഭാവം ഉണ്ട്. ഈ എന്റെ ശബ്ദം കേട്ടും ഹസ്ത സ്പർശത്താലും എല്ലാ രോഗങ്ങളും ഇല്ലാതാവും.' (മന്ത്രം 7)

ഹസ്ത സ്പർശത്താൽ രോഗവിമുക്തി ഉണ്ടാക്കുന്ന വിധിയാണിത്. ഇക്കാലത്ത് ഇംഗ്ലീഷിൽ ഇതിനെ മെസ് മറിസം എന്നുവിളിക്കുന്നു. മെസ്മർ എന്ന് പേരായ ഒരു യൂറോപ്യൻ, ധൈര്യം നിൽകുന്ന വാക്കുകളിലൂടെയും ഹസ്ത സ്പർശനത്തിലൂടെയും രോഗങ്ങൾ മാറ്റാമെന്ന് അനുഭവത്തിലൂടെ കാണിച്ചു. അദ്ദേഹത്തിന്റെ പേരിൽ മെസ്മറിസം എന്ന പേരുണ്ടായി. യൂറോപ്പിൽ ഇതിന് വളരെ പ്രചാരമുണ്ടായിരുന്നു. എന്നാൽ ഭാരതത്തിൽ അതി പ്രാചീനകാലത്ത് വസിഷ്ഠ ഋഷി ഇതിന്റെ പ്രചാരകൻ ആയിരുന്നു. ഈ ഋഷിയും വാണി, ഹസ്ത സ്പർശം ഇവയിലൂടെ രോഗം ഇല്ലാതാക്കാനുള്ള സിദ്ധി നേടിയിരുന്നു. ലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുൻപ് ഭാരതത്തിൽ ഈ വിദ്യ നിലനിന്നിരുന്നു. ഇത് ഇന്ന് വീണ്ടും ഉപയോഗിക്കാൻ യോഗ്യമാണ്.

സപ്ത ഋഷികൾ ഏഴ് വിദ്യകൾ പ്രചരിപ്പിച്ചു എന്ന് കാണാം. ഇവരുടെ ആശ്രമങ്ങളിൽ ഈ വിദ്യയിലൂടെ രോഗ ചികിത്സ നടത്തിയിരുന്നു.

**പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33.81).**
**വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.**

(1) പാപത്തിൽ നിന്ന് വിട്ടുനിൽക്കുക (2) പ്രാണ സാധന അഥവാ പ്രാണായാമം ചെയ്യുക (3) ഹവന ചികിത്സ ചെയ്യുക (4) പ്രഭാവം ഉണ്ടാകുന്ന വിചാരങ്ങൾ ഉണ്ടാക്കി ചികിത്സ ചെയ്യുക (5) പ്രാർത്ഥന ചികിത്സ (6) ജലചികിത്സ (7) സ്പർശത്താൽ രോഗവിമുക്തി ഇങ്ങനെ ഏഴ് പ്രകാരത്തിലുള്ള ചികിത്സകൾ. ഇതാണ് പ്രകൃതി ചികിത്സ അഥവാ നിസർഗ ചികിത്സ. ഇക്കാലത്തെ പ്രകൃതിചികിത്സകർ ഈ വിഷയം ചിന്തിക്കേണ്ടത് ആകുന്നു. ഔഷധങ്ങളുടെ പിന്നാലെ പോയി പണം വ്യർത്ഥമാക്കുന്നതിന് പകരം പ്രകൃതി ചികിത്സയിലൂടെ ആരോഗ്യം വർദ്ധിപ്പിച്ച് അധിക സുഖി ആയിരിക്കാൻ പ്രയത്നിക്കണം.

അറിവുള്ള വ്യക്തികൾ ഈ വിദ്യ പഠിക്കുകയും പ്രചരിപ്പിക്കുകയും വേണം. പ്രകൃതിചികിത്സാ കേന്ദ്രങ്ങൾ തുടങ്ങി സമാജത്തിന് പ്രയോജനമുള്ളത് ആക്കി തീർക്കണം. വൈദികമായ ഈ പ്രകൃതി ചികിത്സാപദ്ധതി ലളിതവും പ്രയാസ രഹിതവും വ്യയാവ്യയം ഇല്ലാത്തതുമാണ്. അത്യന്തം പ്രയോജകരവും ലാഭകരവും ആണ്.

സൂക്ത വ്യഖ്യാനം ഇവിടെ അവസാനിക്കുന്നു.

(1949 ൽ പ്രസിദ്ധീകരിച്ചത്)

## ഗോകരുണാനിധി

ഒരു പശു ഏറ്റവും ചുരുങ്ങിയത് രണ്ടു സേർ (സേർ = ഏകദേശം ഒരു ലിറ്റർ. (ഈ അളവ് ഇപ്പോൾ പ്രചാരത്തിലില്ല.) പാലും മറ്റൊന്ന് ഇരുപത് സേർ പാലും നൽകുന്നുവെന്ന് കരുതുക. അപ്പോൾ ശരാശരി പതിനൊന്ന് സേർ പാലും നൽകുന്നുവെന്ന് കണക്കാക്കുക. അങ്ങനെയെങ്കിൽ ശരാശരി പതിനൊന്ന് സേർ പാലും ലഭിക്കുമെന്നതിൽ സംശയമില്ല. ഇക്കണക്കിന് ഒരുമാസം എട്ടേക്കാൽ മന്ന് പാല് ലഭിക്കുന്നു.

ഒരു പശു ചുരുങ്ങിയത് ആറുമാസവും കൂടിയത് പതിനെട്ടുമാസം വരെയും പാല് നൽകും. അതായത് ശരാശരി പന്ത്രണ്ട് മാസം എന്ന് കണക്കാക്കാം. ഇതനുസരിച്ച് പന്ത്രണ്ട് മാസത്തെ പാൽ 29 മന്ന് വരും. ഇത്രയും പാൽ തിളപ്പിച്ച് ഒരു സേർ പാലിൽ സ്വൽപ്പം പഞ്ചസാരയും ചേർത്ത് പായസം ഉണ്ടാക്കിയാൽ രണ്ടു സേർ പാൽ ഒരാൾക്ക് ഭക്ഷണത്തിന് തികയും, ഇത് ഒരു ശരാശരി കണക്കാണ്. ചിലർക്ക് രണ്ട് സേർ പാൽ കൂടുതലോ കുറവോ വരാം. ഇപ്രകാരം ഒരു പശുവിന്റെ ഒരു കറവക്കാലത്തെ പാലുകൊണ്ട് 1982 പേർക്ക് തൃപ്തിയടയാം. കുറഞ്ഞത് എട്ടുതവണയും കൂടിയത് പതിനെട്ടുതവണയും പശു പ്രസവിക്കും. ഇതിന്റെ ശരാശരിയായ 13 എന്ന് കണക്കാക്കിയാൽ 25740 പേർക്ക് ഒരു നേരത്തെ ഭക്ഷണത്തിന് തികയും, ഒരു പശുവിന്റെ ആയുഷ്കാലത്തിൽ ആറ് പശുക്കുട്ടികളേയും ഏഴ് മൂരിക്കുട്ടികളെയും പ്രസവിച്ചേക്കും. അതിൽ ഒന്ന് രോഗങ്ങൾ മൂലമോ മറ്റോ മരിച്ചാൽ പന്ത്രണ്ടെണ്ണം ബാക്കിവരും. ആ പശുക്കുട്ടികളുടെ പാൽ കൊണ്ട് 19440 മനുഷ്യർക്ക് ഒരു നേരം പാൽ ലഭിക്കും. ശേഷിക്കുന്ന ആറ് കാളകളിൽ ഒരു ജോഡി കാള രണ്ട് വിളവുകളിലായി 100 മന്ന് ധാന്യം ഉൽപ്പാദിപ്പിക്കും. ഇപ്രകാരം മൂന്ന് ജോഡി കാളകൾ 600 മന്ന് ധാന്യം ഉൽപ്പാദിപ്പിക്കും. അവയുടെ പ്രവർത്തനകാലം ശരാശരി എട്ട് വർഷമുണ്ടാകും. ഇപ്രകാരം 4800 മന്ന് ധാന്യം കൊണ്ട് ഓരോ മനുഷ്യനും മുക്കാൽ നാഴി ധാന്യം ഒരു നേരത്തെ ഭക്ഷണത്തിനായി കിട്ടുമെന്ന് കണക്കാക്കിയാൽ അത് 256000 പേർക്ക് ഒരു നേരം കഴിക്കാൻ തികയും. പാലും ധാന്യവും കൂട്ടിച്ചേർത്ത് നോക്കിയാൽ 4,10,440 പേരുടെ ഒരു നേരത്തെ ഭക്ഷണത്തിന് തികയുന്നു. ഈ ആറ് പശുക്കളുടെ അടുത്ത തലമുറകളുടെ കണക്കെടുത്താൽ അസംഖ്യം ജനങ്ങളുടെ സംരക്ഷണം നടക്കും. എന്നാൽ ഒരു പശുവിന്റെ മാംസം കൊണ്ട് ഏകദേശം എൺപത് മാംസാഹാരികൾക്ക് ഒരു നേരം തൃപ്തിയടയാം.

(ഗോകരുണാനിധിയിലെ സമീക്ഷാ പ്രകരണം, പേജ്: 8.9, മഹർഷി ദയാനന്ദ സരസ്വതി)

**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**
**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**



ബാലപംക്തി

# ഗുണപാഠ കഥകൾ

സമ്പാദകൻ : കെ. കെ. ജയൻ ആര്യ

## വ്രതം

**സ്വാ**മി സ്വതന്ത്രാനന്ദൻ കർമ്മനിഷ്ഠനായ ഒരു സംന്യാസിയായിരുന്നു. അദ്ദേഹം തന്റെ ആശ്രമത്തിൽ നിത്യവും സത്സംഗം നടത്തിയിരുന്നു. സത്സംഗത്തിനുശേഷം ശ്രോതാക്കളോട് ഏതെങ്കിലും ദു:ശീലങ്ങളെ ഉപേക്ഷിക്കുവാനുള്ള സങ്കല്പമെടുക്കുവാൻ അദ്ദേഹം ഉപദേശിക്കാറുണ്ടായിരുന്നു. സഭയിലേക്ക് നഗരത്തിൽ നിന്നുമാത്രമല്ല അടുത്ത ഗ്രാമങ്ങളിൽ നിന്നുപോലും ജനങ്ങൾ എത്താറുണ്ടായിരുന്നു. സമൂഹത്തിലെ പ്രമുഖന്മാരും നഗരത്തിന്റെ അധികാരികമാരും അതിൽ പെടുന്നു. സത്സംഗത്തിൽ പേരെടുത്ത ഒരു കള്ളനും പ്രതിദിനം പങ്കെടുക്കാറുണ്ടെന്ന് ചിലർ അദ്ദേഹത്തിന് സൂചന നൽകി. അങ്ങനെയിരിക്കെ ഒരു ദിവസം സഭയിൽ ആ കള്ളൻ എഴുന്നേറ്റ് കൈകൾ കൂപ്പിക്കൊണ്ട് സ്വാമിജിയോട് പറഞ്ഞു. 'ഞാനും എനിക്കുള്ള ഒരു ദു:ശീലം ഉപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നു. അതിന് അങ്ങയുടെ അനുവാദം വേണം.'

സ്വാമിജി പറഞ്ഞു. 'ഇപ്പോൾ അവസരമായിട്ടില്ല. കുറച്ചുദിവസം കഴിയട്ടെ. അതിനുശേഷം നിങ്ങൾക്കും വ്രതമെടുക്കാം.' കള്ളന് അത് ഒട്ടും സമ്മതമായിരുന്നില്ല. 'അല്ല, ഇന്നുതന്നെ വേണം. അങ്ങുപറയൂ, ഞാനെന്താണ് ഉപേക്ഷിക്കേണ്ടത്? സ്വാമിജി പറഞ്ഞു 'നിന്റെ ദു:ശീലം ഉപേക്ഷിക്കണമെങ്കിൽ ആദ്യം മോഷണം ഉപേക്ഷിക്കൂ' സ്വാമിജിയുടെ ഈ വാക്കുകൾ കേട്ട് ആ മോഷ്ടാവ് ഭയന്നുവിറച്ചുകൊണ്ട് പറഞ്ഞു. 'മഹാരാജ്, മോഷണം നിർത്തിയാൽ ഞാൻ പിന്നീട് എന്തുചെയ്യും? എങ്ങനെ ജീവിതമാർഗ്ഗം കണ്ടെത്തും? സ്വാമിജി വീണ്ടും പറഞ്ഞു. 'നിങ്ങൾ ദു:ശീലം ഉപേക്ഷിക്കണമെങ്കിൽ മോഷണം തന്നെയാണ് ഉപേക്ഷിക്കേണ്ടത്? ഇനി ഉടനെ ഉപേക്ഷിക്കാൻ ബുദ്ധിമുട്ടാണെങ്കിൽ ഒരു കാര്യം ചെയ്യൂ, ഭാവിയിൽ സത്യമേ പറയൂ എന്ന വ്രതമെടുക്കൂ. നിങ്ങൾ മോഷ്ടിച്ചിട്ടുണ്ടെങ്കിൽ താനാണ് മോഷ്ടിച്ചത് എന്ന് സത്യം പറയണം. മോഷണ വസ്തു തിരികെ നല്കുകയും വേണം.'

ഏതാനും ദിവസങ്ങൾ മോഷണം നടത്താതെ കള്ളൻ ജീവിച്ചു. പക്ഷേ ദാരിദ്ര്യം കൂടി വന്നു. പിന്നീട് അയാൾക്ക് വീണ്ടും മോഷ്ടിക്കേണ്ടി വന്നു. പക്ഷേ മോഷണം നടന്ന് പെട്ടെന്നുതന്നെ ആ വാർത്ത പരന്നു. ആരുടെ വസ്തുക്കളാണോ മോഷ്ടിക്കപ്പെട്ടത് അയാൾ മോഷ്ടാവിന്റെ അടുത്തേക്ക് വരാൻ തുടങ്ങി. വ്രതം സ്വീകരിച്ചിരിക്കുന്നതിനാൽ കുറ്റം സമ്മതിക്കുകയും മോഷണ വസ്തു തിരികെ നൽകേണ്ടിയും വന്നു. വ്രതം പാലിക്കുന്നതിൽ വളരെ ബുദ്ധിമുട്ടു സഹിക്കേണ്ടി വന്നിരുന്നെങ്കിലും സത്യപാലനത്തിൽ ഉറച്ചുനിൽക്കുവാൻ ആ മോഷ്ടാവിനുസാധിച്ചു. അവസാനം മോഷണം എന്ന ദുർവൃത്തിയിൽ നിന്ന് അയാൾക്ക് മോചനവും ലഭിച്ചു. ■

**ഈശാവാസ്യമിദം സർവ്വമ് । (യജുർവേദം 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**

*(മുൻലക്കത്തിന്റെ തുടർച്ച)*

# യജുർവേദം ഒരു സരള പരിചയം

ഡോ. ഭവാനിലാൽ ഭാരതീയ
തർജ്ജമ : കെ. എം. രാജൻ മീമാംസക്


## പ്രസ്താവന (തുടർച്ച)

**ജ്ഞാ**നപൂർവ്വമായ ആചരണങ്ങൾ മാത്രമേ ലക്ഷ്യങ്ങൾ കൈവരിക്കാൻ നമ്മേ സഹായിക്കുകയുള്ളൂ. ഒരു വസ്തു എപ്രകാരമാണോ ഉള്ളത് അപ്രകാരമാണെന്നറിയുന്നതാണ് യഥാർത്ഥ ജ്ഞാനം. സത്യത്തിന് വിപരീതമായി എന്തെങ്കിലും പറയുന്നതോ അറിയുന്നതോ ജ്ഞാനമെന്ന് പറയില്ല. ജ്ഞാനത്തേ ഉപേക്ഷിച്ച് വിശ്വാസങ്ങൾക്കും ശ്രദ്ധക്കും കൂടുതൽ മഹത്വം നൽകുന്ന അനേകം ചിന്താധാരകൾ ലോകത്തുണ്ട്. എന്നാൽ ഭാരതീയ ദർശനത്തിൽ ജ്ഞാനത്തിന് പരമമായ പ്രാധാന്യം നൽകിയിട്ടുണ്ട്. ജ്ഞാനപൂർവ്വം നാം കർമ്മങ്ങൾ ചെയ്താൽ ആഗ്രഹിക്കുന്ന ഫലം തീർച്ചയായും ലഭിക്കും. ജ്ഞാനത്തിനുശേഷം കർമ്മവിഷയത്തെക്കുറിച്ച് ചർച്ച വരുന്നു. കർമ്മത്തെക്കുറിച്ചുള്ള ചിന്തകളും കർമ്മസിദ്ധാന്ത മീമാംസയും ഭാരതീയ സാഹിത്യത്തിൽ വിശദമായി കാണപ്പെടുന്നു. കർമ്മങ്ങൾ തന്നെ അനേക പ്രകാരത്തിലുണ്ട്. ശ്രീകൃഷ്ണൻ ഗീതയിൽ കർമ്മം, അകർമ്മം, വികർമ്മം എന്നിങ്ങനെ മൂന്ന് ശ്രേണികളെ കുറിച്ച് വർണ്ണിച്ചിട്ടുണ്ട്.[8] ഇപ്രകാരത്തിൽ നിത്യകർമ്മം, നൈമിത്തിക കർമ്മം, കാമ്യ കർമ്മം എന്നിങ്ങനെയുള്ള വിഭജനവും ശാസ്ത്രങ്ങളിൽ കാണാം. നിത്യം ചെയ്യുന്ന കർമ്മങ്ങൾ നിത്യ കർമ്മങ്ങളാണ്. ഏതെങ്കിലും പ്രത്യേക അവസരത്തിൽ ചെയ്യുന്ന കർമ്മങ്ങളാണ് നൈമിത്തിക കർമ്മങ്ങൾ.

എന്തെങ്കിലും പ്രത്യേക ആഗ്രഹം നേടിയെടുക്കുന്നതിനായി വേണ്ടി ചെയ്യുന്ന കർമ്മങ്ങളാണ് കാമ്യകർമ്മങ്ങൾ. ഗീതയിൽ കർമ്മത്തിന്റെ വിശദമായ വിവേചനങ്ങൾ ലഭിക്കുന്നുണ്ട്. കുശലതാപൂർവ്വം ചെയ്യുന്ന കർമ്മങ്ങൾക്കാണ് യോഗമെന്ന് പറയുന്നത്.[9] കർത്തവ്യബോധത്തോടെ കർമ്മം ചെയ്യണമെന്നാണ് ഗീതയിൽ പറയുന്നത്. ഫലപ്രാപ്തിയുടെ ആഗ്രഹത്തിനു വേണ്ടിയാവരുത്.[10] കർത്തവ്യബോധത്തോടെ ചെയ്യുന്ന കർമ്മങ്ങൾ മാത്രമേ ആഗ്രഹിക്കുന്ന ഫലങ്ങളെ പ്രദാനം ചെയ്യുകയുള്ളൂ. ശുഭാശുഭ കർമ്മങ്ങളുടെ ഫലം നേടുക എവിടെയെല്ലാം അനിവാര്യമായി പറയുന്നുവോ അവിടെ മനുഷ്യർക്ക് ഒരു നിമിഷം പോലും കർമ്മത്തിൽ നിന്ന് വിട്ടുനിൽക്കാനാവില്ലായെന്നും പറയുന്നുണ്ട്.[11] ഏതെങ്കിലും ഒരു കർമ്മത്തിൽ മുഴുകിയിരിക്കുക എന്നത് അയാളുടെ സ്വഭാവമാണ്. അതിനോടൊപ്പം അവയുടെ അനിവാര്യതയും വരുന്നുണ്ട്. ശ്രേഷ്ഠവും ശാസ്ത്രവിഹിതവുമായ കർമ്മങ്ങൾ ചെയ്യുന്നത് മോക്ഷ പ്രാപ്തിക്ക് സഹായകമാവും.

(തുടരും)

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ




## ദയാനന്ദ സന്ദേശം മാസിക ഡിജിറ്റൽ ആവുന്നു

നമസ്തേ,

ദയാനന്ദ സന്ദേശം മാസിക 2025 ഒക്ടോബർ ലക്കം മുതൽ ഡിജിറ്റൽ ആക്കുകയാണ്. വരിക്കാർക്ക് എല്ലാ മാസവും നിശ്ചിത തിയ്യതിക്ക് മാസിക നമ്മുടെ വെബ് സൈറ്റിൽ നിന്ന് യൂസർ നെയിം, പാസ് വേഡ് എന്നിവ ഉപയോഗിച്ച് ഡൌൺലോഡ് ചെയ്യാവുന്നതാണ്. മാസികകൾ അയക്കുന്നതിനുള്ള പോസ്റ്റൽ ആനുകൂല്യങ്ങൾ 2024 ഡിസംബർ മുതൽ തപാൽ വകുപ്പ് നിർത്തലാക്കിയതിനാൽ ഇനി ഹാർഡ്കോപ്പി അയക്കാൻ നിർവ്വഹമില്ല എന്നറിയിക്കുന്നു.

മാസികയുടെ എല്ലാ വരിക്കാരും തങ്ങളുടെ വരിസംഖ്യാ നമ്പർ, പൂർണ്ണമായ വിലാസം, ഇമെയിൽ ഐഡി, വാട്ട്സ് ആപ്പ് നമ്പർ എന്നിവ dayanandasandesam@gmail.com എന്ന ഇമെയിൽ ഐഡി വഴിയോ 9497525923, 9446575923 എന്നീ ഓഫീസ് ഹെല്പ് ലൈൻ നമ്പറുകളിലോ അയച്ചുതരാൻ അഭ്യർത്ഥിക്കുന്നു.

പുതിയ വരിക്കാർക്ക് നമ്മുടെ വെബ്സൈറ്റ് വഴി വരിസംഖ്യ അടച്ച് യൂസർനെയിം, പാസ് വേർഡ് എന്നിവ കരസ്ഥമാക്കാവുന്നതാണ്.

മാസികയുടെ വരിക്കാരനായി വൈദിക ധർമ്മപ്രചാരണത്തിൽ പങ്കാളിയാവാൻ എല്ലാ ധർമ്മപ്രേമികളോടും അഭ്യർത്ഥിക്കുന്നു.

എന്ന്,

സ്നേഹപൂർവ്വം
പത്രാധിപർ
ദയാനന്ദസന്ദേശം

ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication: 10-09-2025

RNI No. KERMAL/2013/53849
Registered No. Ottapalam/5/2023-25




Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O), Palakkad - 679 504. Printed at Mudra Printers, Cherpulassery and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504.
Owner and Editor responsible for selecting articles: KM Rajan

**Email: dayanandasandesam@gmail.com** **Phone: 9446575923, 9497525923**